File No.TCPCTP/237/2019-D

## മുഖ്യനഗരാസൂത്രകന്റെ നടപടി

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കാസർഗോഡ് ജില്ല കാസർഗോഡ് നഗരസഭ കാസർഗോഡ് വില്ലേജ് വാസഗൃഹ നിർമ്മാണം- കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കാസർഗോഡ് നഗരസഭ സെക്രട്ടറിയുടെ 14/12/2018 ലെ PW2-BA No: 287/17-18 നമ്പർ കത്ത്.

2. കാസർഗോഡ് ജില്ല ടൗൺ പ്ലാനറുടെ 29/12/2018 ലെ സി/1369/2018/നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCP/CTP/237/19-D . തീയതി:01/03/2019

---

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് നഗരസഭ പരിധിയിലുള്ള കാസർഗോഡ് വില്ലേജിൽ റീ സർവ്വേ നമ്പർ 288/pt എന്നിവയിൽപ്പെട്ട സ്ഥലത്ത് വാസഗൃഹം നിർമ്മാണം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. മൊയ്തീൻ കുഞ്ഞി. എൻ.എ യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ.1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 1999-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എ.ഒ.സി വാങ്ങിയിരക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന മുറയ്ക്ക് അവയ്ക്ക് അനുസൃതമായിരിക്കണം.
7. മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ഉത്തരവിൻ പ്രകാരം

ജയശ്രീ.വി.ആർ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, കാസർഗോഡ് നഗരസഭ

പകർപ്പ്:-

1. ശ്രീ. മൊയ്തീൻ കുഞ്ഞി,
   എം.കെ.എം. ഹൗസ്, നായൻമാർമൂല
   വിദ്യാ നഗർ, കാസർഗോഡ്
2. ടൗൺ പ്ലാനർ, കാസർഗോഡ്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം